നം. 4302/LLM/2012/TA2/CEE

**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695001**

# പത്രക്കുറിപ്പ്

## 2012 -13 ലെ എൽഎൽ.എം. കോഴ്സ് പ്രവേശനത്തിനുള്ള രണ്ടാം ഘട്ട അലോട്ട്മെന്റ് ലിസ്റ്റ് പ്രസിദ്ധീകരിച്ചു.

G.O.(Rt)No.264/2013/HEdn. Dated 22.02.2013 പ്രകാരം 2012 എൽഎൽ.എം കോഴ്സ് പ്രവേശനത്തിനുള്ള അലോട്ട്മെന്റ് സമയം 15.03.2013 വരെ ദീർഘിപ്പിച്ച് കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ലോ കോളേജുകളിലെ എൽഎൽ.എം കോഴ്സ് പ്രവേശനത്തിനുള്ള രണ്ടാം ഘട്ട അലോട്ട്മെന്റ് ലിസ്റ്റ് പ്രസിദ്ധീകരിച്ചു. 23.02.2013 ന് നടത്തിയ കേന്ദ്രീകൃത അലോട്ട്മെന്റിൽ പങ്കെടുത്ത അപേക്ഷാർത്ഥികളുടെ റാങ്കിന്റേയും ഓപ്ഷന്റേയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഈ അലോട്ട്മെന്റ് ലിസ്റ്റ് പ്രവേശന പരിക്ഷാ കമ്മീഷണറുടെ ഔദ്യോഗിക വെബ്സൈറ്റായ **www.cee-kerala.org**. ൽ ലഭ്യമാണ്.

അലോട്ട്മെന്റ് ലഭിക്കുന്നവർ 11.03.2013 (തിങ്കളാഴ്ച) വൈകുന്നേരം 5 മണിക്ക് മുമ്പ് ബന്ധപ്പെട്ട കോളേജുകളിൽ പ്രോസ്പെക്ടസ് ഖണ്ഡിക 18 ൽ ചേർത്തിട്ടുള്ള രേഖകൾ സഹിതം ഹാജരായി പ്രവേശനം നേടേണ്ടതാണ്. കോളേജ് പ്രിൻസിപ്പൽമാർ അന്നേ ദിവസം 5.30 ന് മുമ്പ് നോൺ ജോയിനിംഗ് റിപ്പോർട്ട് ഈ ഓഫീസിലേക്ക് അയച്ചുതരേണ്ടതാണ്.

കൂടുതൽ വിവരങ്ങൾക്ക് താഴെ പറയുന്ന ഹെൽപ്പ് ലൈൻ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്. **0471–2339101, 2339102, 2339103, 2339104**

തിരുവനന്തപുരം
**07.03.2013**

**പ്രവേശന പരീക്ഷാകമ്മീഷണർ**